<u>തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്</u>

പുറപ്പെടുവിക്കുന്നത് : ദിലീപ് കുമാർ.റ്റി.ഐ.

വിഷയം:- വനം വകുപ്പ് - ജീവനക്കാര്യം - അറ്റൻഡർ ഗ്രേഡ് II തസ്തികയിലേക്ക് തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റിനെ നിയമിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 01.02.2020-ലെ ഇതേ നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ ഇ2-291/2020 തീയതി 13.03.2020</u>**

വാളയാർ വനപരിശീലന കേന്ദ്രത്തിലും കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ ഓഫീസിലും നിലവിലുള്ള അറ്റൻഡർ ഗ്രേഡ് II വിന്റെ രണ്ട് ഒഴിവിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുവാൻ താൽപര്യവും യോഗ്യതയുമുള്ള ഓഫീസ് അറ്റൻഡന്റുമാരിൽ നിന്നും സൂചന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

മേൽപറഞ്ഞ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനുവേണ്ടി ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ, യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ഫീൽഡ് ഡയറക്ടർ പാലക്കാടിന്റെ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.അഹമ്മദ് ബാബു.എം., ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.സുബൈർ.വി. എന്നിവർ തസ്തികമാറ്റം വഴി അറ്റൻഡർ ഗ്രേഡ് II ആയി നിയമനം ലഭിക്കുന്നതിന് അർഹരാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ ടിയാന്മാർക്ക് 17000-37500 രൂപ ശമ്പള സ്കെയിലിൽ അറ്റൻഡർ ഗ്രേഡ് II ആയി തസ്തികമാറ്റം അനുവദിച്ചുകൊണ്ടും ശ്രീ.അഹമ്മദ് ബാബു.എം.-നെ വാളയാർ വനപരിശീലന കേന്ദ്രത്തിലും ശ്രീ.സുബൈർ.വി.-യെ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ ഓഫീസിലും നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

മേൽപറഞ്ഞ ഓഫീസ് അറ്റൻഡന്റുമാർക്ക് മേൽപറഞ്ഞ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ്/റേഷ്യോ പ്രമോഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ KSR Part I Rule 28A പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

<u>പകർപ്പ്</u>

1. ജീവനക്കാർക്ക് മേലധികാരിമുഖേന നൽകുന്നു.

C:\Users\E2\Desktop\E2\E2-291-20 M Dt 12.3.20 JS Meera.Doc

2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ഫീൽഡ് ഡയറക്ടർ പാലക്കാടിന് തുടർ നടപടികൾക്കായി നൽകുന്നു

2. ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് അറിവിലേക്കായി നൽകുന്നു.

3. ഫോറസ്റ്റ് കൺസർവേറ്റർ സോഷ്യൽ ഫോറസ്ട്രി കോഴിക്കോടിന് അറിവിലേക്കായി നൽകുന്നു.

4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) യ്ക്ക് ശ്രീ.സുബൈർ.വി.ഓഫീസ് അറ്റൻഡന്റിനെ വിടുതൽ ചെയ്യുന്നതിനും വനംവകുപ്പിലെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമായി നൽകുന്നു.